(എ) പുറമ്പോക്കുസ്ഥലങ്ങളും പഞ്ചായത്തുകൾക്ക് വിട്ടുകൊടുക്കാനുള്ള നടപടി പൂർത്തീകരിച്ചിട്ടുണ്ടോ;

(ബി) പല പഞ്ചായത്തുകൾക്കും പുറംപോക്കുസ്ഥലങ്ങളും കിട്ടാത്തതുകൊണ്ട് പ്ലാനനുസരിച്ചുള്ള അവരുടെ പ്രവർത്തനങ്ങളും നടക്കുന്നില്ലെന്നു സർക്കാരിനു ബോദ്ധ്യമുണ്ടോ;

(സി) കടയ്ക്കാവൂർ അയ്യൻകുളം നികത്തി ഒരു ചന്ത സ്ഥാപിക്കാൻ സർക്കാരിനോട് അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ; നാട്ടുകാർ കുളം നികത്തി തുടങ്ങിയിട്ടുണ്ടോ?

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) പുറംപോക്കു സ്ഥലങ്ങളും പഞ്ചായത്തിലേക്ക് വിട്ടുകൊടുക്കുന്നതിനെപ്പറ്റി അവസാനതീരുമാനം എടുത്തിട്ടില്ല.

(ബി) പല പഞ്ചായത്തുകൾക്കും പുറംപോക്കുസ്ഥലങ്ങളും കിട്ടാത്തതുകൊണ്ട് അവയുടെ പ്ലാൻ അനുസരിച്ചുള്ള പ്രവർത്തനങ്ങളും വേണ്ടിടത്തോളം ശീഘ്രഗതിയിൽ നടക്കുന്നതിനു താൽക്കാലികതടസ്സങ്ങളും ഉണ്ടാകുന്നുണ്ട്.

(സി) കുളം നികത്തി ചന്ത സ്ഥാപിക്കുവാൻ അനുവാദം ആവശ്യപ്പെട്ടിട്ടുണ്ട്. കുളം നികത്തിത്തുടങ്ങിയിട്ടുണ്ടെന്നാണു് അറിയുന്നതു്. ഇക്കാര്യത്തിൽ വേണ്ട നടപടികളും എടുത്തുവരികയാണു്.

ശ്രീ. യു. നീലകണ്ഠൻ: കടയ്ക്കാവൂരിൽ ഒരു പബ്ലിക് മാർക്കറ്റ് ഇല്ലാത്തതുകൊണ്ടു് പൊതുജനങ്ങൾക്കു് വളരെ അസൗകര്യങ്ങളും നേരിടുന്നു എന്നുള്ളതു് അറിയാമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അവിടെ ഒരു പബ്ലിക് മാർക്കറ്റ് ഇല്ല എന്നറിയാം.

പഞ്ചായത്തുകൾ.

* 611. [7] ശ്രീ. യു. നീലകണ്ഠൻ: താഴെ പറയുന്ന ചോദ്യങ്ങൾക്കു് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) ഗസറ്റ് നോട്ടിഫിക്കേഷനനുസരിച്ചു് നിശ്ചിത സ്ഥലങ്ങളിൽ ഹെഡ്കാർട്ടേഴ്സു് സ്ഥാപിക്കാത്ത പഞ്ചായത്തുകൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം; അതിനെപ്പറ്റി പൊതുജനങ്ങളിൽനിന്നും പരാതികൾ ലഭിച്ചിട്ടുണ്ടോ; പരാതികളിന്മേൽ എന്തു നടപടി നടത്തി;

(ബി) പഞ്ചായത്തുപ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി അത്യാവശ്യമെന്നു തോന്നുന്ന പഞ്ചായത്തുകളെ പുനഃസംഘടിപ്പിക്കുന്നതു സർക്കാർ നയമാണോ?

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഗസറ്റ് നോട്ടിഫിക്കേഷൻ അനുസരിച്ചു് നിശ്ചിത സ്ഥലങ്ങളിൽ ഹെഡ്കാർട്ടേഴ്സു് സ്ഥാപിക്കാത്ത പഞ്ചായത്തുകൾ ഉണ്ടു്. അവയുടെ ലിസ്റ്റ് † മേശപ്പുറത്തു വച്ചിട്ടുണ്ടു്. ഇക്കാര്യത്തിൽ

† Please See Appendix I.

LIBRARY ARCHIVES Kerala Legislative Assembly

ചില പരാതികൾ ലഭിച്ചിട്ടുണ്ട്. അവ അന്വേഷണത്തിലിരിക്കുകയാണ്. ഗസറ്റ് നോട്ടിഫിക്കേഷൻ അനുസരിച്ച് നിശ്ചിതസ്ഥലങ്ങളിൽ ഫെഡ് കപ്പാർട്ടേഴ്സ് സ്ഥാപിക്കണമെന്നു പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പഞ്ചായത്തു പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുവേണ്ടി ആവശ്യമെന്നു തോന്നുന്ന പഞ്ചായത്തുകളെ പുനഃസംഘടിപ്പിക്കുന്നതാണ്.

മതപരിവർത്തനം ചെയ്തവർക്ക് ആനുകൂല്യങ്ങൾ.

* 612. [8] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതെങ്കിലും ക്രിസ്ത്യാനിവിഭാഗത്തിൽപ്പെട്ടിട്ടുള്ളവർ, അവർ പട്ടികജാതിയിൽനിന്നു മതപരിവർത്തനം ചെയ്തതാണെന്നു സ്വയം ഒരു സ്റ്റേറ്റുമെന്റ് നൽകിയാൽ പിന്നാക്കസമുദായങ്ങൾക്ക് അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ നൽകണമെന്ന് ഒരു ഓർഡർ പാസ്സാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതു എന്നു പാസ്സാക്കി, എത്രപേർ അങ്ങനെ സ്റ്റേറ്റുമെന്റ് നൽകി; ഉത്തരവിന്റെ തത്വം എന്താണ്?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.

(ബി) എ-യുടെ ഉത്തരംകൊണ്ട് ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. കെ. ദിവാകരൻ: അവശസമുദായക്കാരുടെ ഒരു പ്രത്യേക സെൻസസ്സ് എടുക്കാൻ സാധിക്കുമോ?

ശ്രീ. കെ. കൊച്ചുകുട്ടൻ: അതേപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ഫീൽഡ് ആഫീസർ.

* 613. [9] ശ്രീ. പി. കുഞ്ഞൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നാക്കസമുദായോന്നമന ഡിപ്പാർട്ടുമെന്റിൽ സർവ്വീസും യോഗ്യതയുമുള്ളവർ ഇരിക്കെ, അതിലും അയോഗ്യരെ ഫീൽഡ് ആഫീസർമാരായി പ്രമോട്ടുചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അതിന്റെ കാരണം എന്താണ്;

(സി) സൂപ്പർന്യൂമററി ഫീൽഡ് ആഫീസറന്മാരുടെ ജോലികൾ എന്തെല്ലാം; ഇപ്പോൾ എത്രപേരുണ്ട്; അവർക്ക് ഇപ്പോൾ വല്ല ജോലിയുമുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) ഇല്ല.

(ബി) ഈ ചോദ്യം ഉദിക്കുന്നില്ല.

(സി) സൂപ്പർന്യൂമററി ഫീൽഡ് ആഫീസറന്മാർ ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly

APPENDIX I

[*Please see answer to Question No.* * *611* (7)]

തിരുവനന്തപുരം ഡിവിഷൻ.

1. കീഴ്കുളം
2. കടയ്ക്കാവൂർ

കൊല്ലം ഡിവിഷൻ.

3. വിളക്കുടി
4. നെടുമൺ
5. പുളിംകുന്ന്
6. കീരിക്കാട്ട്
7. പള്ളിപ്പാട്ട്
8. ചെന്നീക്കര
9. കോന്നി
10. പ്രമാടം

കോട്ടയം ഡിവിഷൻ

11. കാഞ്ഞിർ
12. നീഴൂർ
13. കോഴിപ്പള്ളി

തൃശ്ശൂർ ഡിവിഷൻ.

14. കോട്ടവള്ളി
15. തൃക്കൂർ
16. ചിറ്റാറ്റുകര
17. ചൂർണിക്കര
18. അവനൂർ

LIBRARY ARCHIVES Kerala Legislative Assembly